**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 83** **23-08-2022 - ൽ മറുപടിയ്ക്ക്**

**പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവർക്ക് സഹായ ധനമായി നൽകുന്നതിന് എത്ര രൂപയാണ് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലുലു ഗ്രൂപ്പ് നല്കിയിട്ടുള്ളതെന്നും ടി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്കേറ്റവർ എന്നിവർക്ക് എത്ര രൂപ വീതം നൽകാനാണ് ലുലു ഗ്രൂപ്പ് ഡയറക്ടറുടെ 12/07/2016 ലെ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതനുസരിച്ച് സഹായധനമായി നല്കാൻ ആകെ എത്ര രൂപ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ; | (എ) | പുറ്റിങ്ങൽ ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2,00,00,000/- (രണ്ടു കോടി രൂപ മാത്രം) രൂപയാണ് ലുലു ഗ്രൂപ്പ് ധനസഹായമായി നൽകിയിരുന്നത്. |
| (ബി) | ലുലു ഗ്രൂപ്പിന്റെ ആവശ്യം പരിഗണിച്ച് ദുരന്തത്തിനിരയായവർക്ക് ധനസഹായം വിതരണം ചെയ്യുവാൻ കൂടുതൽ തുക ആവശ്യമായി വരുമെന്നുള്ള വസ്തുത ലുലു ഗ്രൂപ്പിനെ ബോധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | പുറ്റിങ്ങൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, ഗുരുതരമായി പരിക്കേറ്റവർ, വീട് നഷ്ടപ്പെട്ടവർ എന്നിവരുടെ പട്ടിക ജില്ലയിൽ ലഭ്യമാകത്തക്ക വിധം, ഒരു സ്ഥലപരിശോധന നടത്തി ഇവരിൽ ഇപ്പോഴും ജീവിതം തിരിച്ചുപിടിച്ചിട്ടില്ലാത്തവരും/സഹായം ആവശ്യമായവരേയും കണ്ടെത്തുകയും അവർക്ക ലുലു ഗ്രൂപ്പ് സംഭാവന നൽകിയ രണ്ടു കോടി രൂപയിൽ നിന്ന് ധനസഹായം നൽകാൻ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശുപാർശ സമർപ്പിക്കാൻ ജോയിന്റ് റവന്യൂ കമ്മീഷണറേയും കൊല്ലം ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ധനസഹായ വിതരണം സംബന്ധിച്ച് ലുലു ഗ്രൂപ്പ് കത്ത് നൽകിയിട്ടുള്ള സാഹചര്യവും കത്തിലെ ആവശ്യ പ്രകാരം വിതരണം ചെയ്യാൻ ലുലു ഗ്രൂപ്പ് നൽകിയ തുക തികയാത്ത സാഹചര്യവും നിലനിൽക്കുമ്പോൾ വീട് നഷ്ടപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തി ധനസഹായ വിതരണത്തിന് പട്ടിക തയ്യാറാക്കണമെന്ന അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം (സി.ആർ.എഫ് - സി 2/ | (സി) | പുറ്റിങ്ങൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ, ഗുരുതരമായി പരിക്കേറ്റവർ, വീട് നഷ്ടപ്പെട്ടവർ എന്നിവരുടെ പട്ടിക ജില്ലയിൽ ലഭ്യമാകത്തക്ക വിധം, ഒരു സ്ഥലപരിശോധന നടത്തി ഇവരിൽ ഇപ്പോഴും ജീവിതം തിരിച്ചുപിടിച്ചിട്ടില്ലാത്തവരും/സഹായം ആവശ്യമായവരേയും കണ്ടെത്തുകയും അവർക്ക |

| | | | |
|---|---|---|---|
| | റവന്യൂ) പുനഃപരിശോധനയ്ക്ക് വിധേയമാക്കി ദുരന്ത ബാധിതർക്ക് ഇനിയും കാലതാമസമില്ലാതെ സഹായധനം വിതരണം ചെയ്യുന്നതിന് നിയമപരവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | ലുലു ഗ്രൂപ്പ് സംഭാവന നൽകിയ രണ്ടു കോടി രൂപയിൽ നിന്ന് ധനസഹായം നൽകാൻ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശുപാർശ സമർപ്പിക്കാൻ ജോയിന്റ് റവന്യൂ കമ്മീഷണറേയും കൊല്ലം ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ